**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1808** **15-03-2022 - ൽ മറുപടിയ്ക്ക്**

**പിരിച്ചുവിട്ട താത്കാലിക ജീവനക്കാർക്ക് പുനർനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ പി.എസ്.സി. മുഖാന്തിരം മതിയായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യമാണുള്ളതെങ്കിൽ ഡ്രൈവർ/ കണ്ടക്ടർ തസ്തികകളിൽ താത്കാലികാടിസ്ഥാനത്തിൽ 10 വർഷം പൂർത്തിയാക്കിയതും മുൻപ് പിരിച്ച് വിട്ടിട്ടുള്ളതുമായ ജീവനക്കാർക്ക് സ്ഥിര പുനർനിയമനം നൽകുന്നത് പരിഗണിക്കാമോ; | (എ) | കെ.എസ്.ആർ.റ്റി.സി.ൽ നിലവിൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ഇത് കുറയ്ക്കുന്നതിന്റെ ഭാഗമായി 404-മത് ഭരണസമിതി തീരുമാന പ്രകാരം കെ.എസ്.ആർ.റ്റി.സി.യിൽ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുള്ളതാണ്. നിലവിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളം അനുവദിക്കുന്നത് പോലും സർക്കാർ ധനസഹായത്തോടു കൂടിയാണ്. ഈ സാഹചര്യത്തിൽ പുതിയ നിയമനങ്ങൾ കോർപ്പറേഷന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്നതാണ്. കെ.എസ്.ആർ.റ്റി.സി.യിൽ താൽകാലികമായി സേവനം അനുഷ്ഠിച്ചിരുന്നവരെ സേവനങ്ങളിൽ നിന്നും മാറ്റി നിറുത്തിയത് ബഹു. ഹൈക്കോടതി ഉത്തരവുകൾ പ്രകാരമാണ്. നിശ്ചിത യോഗ്യതയുള്ള 10 വർഷം പൂർത്തീകരിച്ച താൽകാലിക വിഭാഗം ജീവനക്കാരെ തിരികെ പ്രവേശിപ്പിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് വിവിധ പരിശോധനകൾ നടത്തിയെങ്കിലും, വിവിധ കോടതി വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ബഹു. ഹൈക്കോടതിയുടെ WA 104/2019, 2248/2018 തുടങ്ങിയ കേസുകളിലേയും അനുബന്ധ കേസുകളിലേയും വിധിന്യായത്തിൽ 179 ദിവസത്തിലധികം ജോലിയിൽ തുടരുന്ന താത്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ നിർദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. ടി ജീവനക്കാരെ കെ.എസ്.ആർ.ടി.സി.യിൽ പുനർനിയമിക്കുന്നത് കോടതിയലക്ഷ്യ നടപടിൾക്ക് കാരണമാകുന്നതാണ്. |
| (ബി) | 10 വർഷം പൂർത്തിയാക്കാത്ത താത്കാലിക | (ബി) | താൽക്കാലിക ജീവനക്കാർക്ക് പ്രത്യേക പരിഗണന |

| | | | |
|---|---|---|---|
| | ജീവനക്കാർക്ക് കെ സ്വിഫ്റ്റ് കമ്പനിയിൽ താത്കാലിക നിയമനം നൽകുന്നത് പരിഗണിക്കാമോ; | | നൽകി സ്വിഫ്റ്റ് എന്ന കമ്പനിയിൽ താൽക്കാലിക നിയമനം നൽകുവാൻ സാധിക്കില്ല. കെ.സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 5573/2021, WP(C) 5901/2021, WP(C) 7077/2021, WP(C) 7235/2021, WP(C) 4655/2022, WP(C) 14784/2021, CCC.1227/2021, CCC.1635/2021 നമ്പരിലുള്ള എട്ട് ഹർജികളിൽ കെ.എസ്. ആർ.ടി.സി.യിൽ എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന താല്കാലിക ജീവനക്കാരെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയിൽ പുനരധിവസിപ്പിക്കുന്നതിനെയും ചോദ്യം ചെയ്തിരുന്നു. എംപാനൽ ജീവനക്കാരെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ പുനരധി വസിപ്പിക്കുന്നത് പിൻവാതിൽ നിയമനമായി കോടതി നിരീക്ഷിക്കുകയും, ആയത് തടഞ്ഞു കൊണ്ട് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (order dtd; 09/02/2022 in WP(C) 7077/2021). 09/02/2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലേക്കുള്ള ഓപ്പൺ മാർക്കറ്റിൽ നിന്ന് താൽക്കാലിക നിയമനം നടത്തുന്നതിൽ തടസ്സമില്ല. എന്നാൽ ഈ നിയമത്തിൽ യാതൊരു പ്രത്യേക പരിഗണനയും മുൻപുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുത് എന്ന് കോടതി ഉത്തരവിൽ പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ താല്കാലിക ജീവനക്കാർക്ക് കെ.എസ്.ആർ. ടി.സി.-സ്വിഫ്റ്റ് കമ്പനിയിൽ താല്കാലിക നിയമനം നൽകുന്നത് കോടതിയലക്ഷ്യ നടപടികൾക്ക് കാരണമാകുന്നതാണ്. |
| (സി) | മേൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുമെന്ന് സർക്കാർ 2020-ലും 2021-ലും പ്രഖ്യാപിച്ചിട്ടുള്ളതാണോ; എങ്കിൽ ഈ പ്രഖ്യാപനം നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കോർപ്പറേഷനിൽ താൽകാലിക അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബോഡി ബിൽഡിംഗ്, ലൈറ്റ് മോട്ടോർ വെഹിക്കിളുകളുടെ അറ്റകുറ്റപണികൾ, സ്പെയർ പാർട്ട്സ് കടകൾ മറ്റ് സംരഭങ്ങൾ തുടങ്ങിയ കെ.എസ്.ആർ.റ്റി.സി.യുടെ പങ്കാളിത്തം ഇല്ലാത്ത പ്രത്യേക ലേബർ സൊസൈറ്റി മുഖാന്തിരം പുനരധിവസിപ്പിക്കുവാനുള്ള പദ്ധതികൾ പരിശോധിച്ച് വരുന്നു. കൂടാതെ, ഇവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി നിയമ വിദഗ്ദ്ധർ ഉൾപ്പെട്ട മൂന്നംഗ ഉദ്യോഗസ്ഥ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും കോർപ്പറേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. മേൽ നടപടികൾ സ്വീകരിച്ച് നിയമ സാധ്യതകൾ പരിശോധിച്ച് താൽകാലിക |

| | | | |
|---|---|---|---|
| | | | വിഭാഗം ജീവനക്കാരുടെ പുനരധിവാസത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ